പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1420 20.01.2014 -ൽ മറുപടിക്ക്

# റോഡ് വികസനത്തിനു സംഘടിപ്പിക്കപ്പെട്ട ശില്പശാല -നിർദ്ദേശങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ വർക്കല കഹാർ<br>ശ്രീ.എ.റ്റി ജോർജ്<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. വി പി സജീന്ദ്രൻ | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| (എ) റോഡ് വികസനത്തിന്റെ നവീന മാതൃകകളെ സംബന്ധിച്ച് ശിൽപശാല സംഘടിപ്പിച്ചിട്ടുണ്ടോ ; വിശദമാക്കുമോ; | എ)<br>റോഡ് വികസനമുൾപ്പെടെ സംസ്ഥാന പൊതുമരാമത്ത് വകുപ്പിൽ സ്വീകരിക്കേണ്ട നൂതന ആശയങ്ങളും നവീന നിർമ്മാണ രീതികളും സംബന്ധിച്ച് "ഇൻഫ്രാസ്ട്രക്ചർ കോൺഫറനൻസ്" എന്ന ഒരു ശിൽപശാല നവംബർ 16,17,18 എന്നീ തീയതികളിൽ തിരുവനന്തപുരത്തും 2012 ഡിസംബർ 6,7,8 തീയതികളിൽ കൊച്ചിയിൽ വച്ചും സംഘടിപ്പിച്ചിട്ടുണ്ട്.ഇതുകൂടാതെ പൊതുമരാമത്ത് വകുപ്പിന്റെ നേതൃത്വത്തിൽ റോഡ് വികസനത്തിന്റെ നവീന മാതൃകകളുടെ ശിൽപശാല 2013 നവംബർ 6,7 തീയതികളിൽ നടക്കുകയുണ്ടായി. **"Seminar on Innovative Initiatives for Roads Development in Kerala -Perspective"** എന്ന പേരിലുള്ള ശിൽപശാല തിരുവനന്തപുരം തൈക്കാട് പി.ഡബ്ള്യു.ഡി റസ്റ്റ് ഹൗസിൽ സംഘടിപ്പിക്കുകയുണ്ടായി. അഞ്ചു സെഷനുകളിലായി വിവിധ വിഷയങ്ങൾ അവതരിപ്പിക്കുകയും അതിനെതുടർന്ന് ചർച്ച നടത്തി നിർദ്ദേശങ്ങൾ ക്രോഡീകരിക്കുകയും ചെയ്തു. |
| ( ബി ) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു ; വിശദാംശങ്ങൾ എന്തെല്ലാം; | ബി)<br>നവീന മാതൃകകൾ ഉപയോഗിച്ച് ദീർഘകാലം നിലനിൽക്കുന്ന റോഡുകളുടെ നിർമ്മാണവും അവയുടെ പരിപാലനവുമാണ് ഈ ശിൽപശാലയുടെ ഉദ്ദേശ്യലക്ഷ്യം നൂതന സമ്പ്രദായങ്ങളിലൂടെ റോഡ് അറ്റകുറ്റപണികൾ നടത്തുന്നതും ഉദ്ദേശ്യമായിരുന്നു. അടിസ്ഥാന |

സൗകര്യ വികസന രംഗത്ത് നൂതന സാങ്കേതിക വിദ്യകളും, പ്രൊഫഷണൽ മാനേജ്മെന്റ് ടെക്നിക്കും, നവീന നിർമ്മാണ രീതികളും നടപ്പിലാക്കുന്നത് ലക്ഷ്യമാക്കിയാണ് പൊതുമരാമത്ത് വകുപ്പ് "ഇൻഫ്രാസ്ട്രക്ചർ കോൺഫറനൻസ്" എന്ന ഒരു ശിൽപശാല സംഘടിപ്പിച്ചത്.

(സി) എന്തെല്ലാം വിഷയങ്ങളാണ് ശിൽപശാലയിൽ ചർച്ചചെയ്തത്: വിശദമാക്കുമോ;

സി)

അഞ്ചു സെഷനുകളിലായി താഴെ പറയുന്ന വിഷയങ്ങൾ ചർച്ചചെയ്യുകയുണ്ടായി .

1. Critical gaps in Roads Infrastructure in the state.
2. Role of Public Works and Transport Departments in ensuring road safety.
3. Conflicts in Road Infrastructure Development- Need for balanced aproach
4. New Revenue Models in PPP Projects
5. Green Technology- Need of the hour.

2012 ലെ ശില്പശാലയിൽ ചർച്ച ചെയ്ത വിഷയങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.

( ഡി ) ശിൽപശാലയിൽ ഉരുത്തുരിഞ്ഞ ആശയങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ എന്തെല്ലാം;

ഡി)

ഭൂമി ഏറ്റെടുക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കാനുള്ള മാർഗ്ഗങ്ങൾ, റോഡ് വികസനത്തിന് തടസ്സം സൃഷ്ടിക്കുന്ന വസ്തുതകൾക്കുള്ള പരിഹാരമാർഗ്ഗങ്ങൾ, റോഡ് സുരക്ഷ മാർഗ്ഗങ്ങൾക്കുള്ള "റോഡ് സുരക്ഷ പോളിസി" മുതലായ ആശയങ്ങൾ പ്രസ്തുത സെമിനാറിൽ ഉരുത്തിരിഞ്ഞിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിലെ ഉദ്യോഗസ്ഥരുടെ പൊഫഷണൽ എബിലിറ്റിയും, ടെക്നിക്കൽ കപ്പാസിറ്റിയും അഭിവൃദ്ധിപ്പെടുത്തുന്നതിന് സ്ഥാപന ശാക്തീകരണം അനിവാര്യമാണെന്നും അതുകൊണ്ട് മാത്രമേ വകുപ്പിൽ കാലോചിതമായ മാറ്റം ഉൾകൊള്ളുവാൻ വകുപ്പുകൾക്ക് സാധിക്കു എന്നും ശില്പശാലയിൽ ചൂണ്ടിക്കാണിക്കപ്പെട്ടു. സംസ്ഥാനത്ത് വർദ്ധിച്ച് വരുന്ന ഭൂമിയുടെ വിലയും, ഭൂമി ഏറ്റെടുക്കലിലെ പ്രായോഗിക ബുദ്ധിമുട്ടും, കാലതാമസവും കണക്കിലെടുത്തും

അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ നടപടി പൂർത്തിയാക്കുന്നതിനും അതുമൂലമുണ്ടാകുന്ന സാമൂഹിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പാർട്ടിസിപ്പേറ്ററി അപ്രോച്ച് ആവശ്യമാണെന്ന് വിലയിരുത്തപ്പെട്ടു. ദേശീയപാത വികസനത്തിൽ സർക്കാരിന്റെ സാമ്പത്തിക ബധ്യതയ്ക്കുതകുന്ന രീതിയിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടുകൂടി പദ്ധതികൾ ആവിഷ്കരിക്കുന്നതിനും കാൽനടയാത്രക്കാരുടെയും, വാഹന യാത്രികരുടെയും സുരക്ഷയ്ക്ക് മുൻതൂക്കം നൽകണമെന്ന് ശില്പശാലയിൽ ശുപാർശ ചെയ്യപ്പെട്ടു. കേരളത്തിന്റെ സമഗ്രമായ വളർച്ചയ്ക്ക് അടിസ്ഥാന സൗകര്യ മേഖലകളിൽ പൊതുജനങ്ങളെ കൂടി പങ്കെടുപ്പിച്ച് കൊണ്ടുള്ള പൊതു സ്വകാര്യ പങ്കാളിത്ത പദ്ധതികൾക്ക് ഊന്നൽ നൽകണമെന്നാണ് ശില്പശാലയിൽ ശുപാർശ ചെയ്യപ്പെട്ടത്. പൊതുമരാമത്ത് വകുപ്പിൻ കീഴിലുള്ള പാതകളും, പാലങ്ങളും കെട്ടിടങ്ങളും ഉൾപ്പെടെയുള്ള പൊതു സ്വത്തുകളുടെ പരിപാലനത്തിൽ ദീർഘകാല ഗുണനിലവാരവും, പരിപാലനവും ഉറപ്പ് വരുത്തിക്കൊണ്ടുള്ള ഒരു സംരക്ഷണ രീതി അവലംബിക്കണമെന്നാണ് ശില്പശാലയിൽ ഉരുത്തുരിഞ്ഞ ആശയം. സംസ്ഥാനത്തെ പ്രധാന നഗരങ്ങളിലെ റോഡ്, റയിൽ, വ്യോമയാന, ജല-ഗതാഗത മാർഗ്ഗങ്ങൾ സമന്വയിപ്പിക്കുന്ന മൾട്ടി മോഡൽ ഇന്റഗ്രേറ്റഡ് ട്രാൻസ്പോർട്ടേഷൻ സിസ്റ്റം വികസിപ്പിക്കാനുള്ള സാധ്യതകളെക്കുറിച്ച് പഠിക്കണമെന്ന് ശില്പശാല ശുപാർശ ചെയ്യുകയുണ്ടായി. അതിവേഗത്തിലും കാര്യക്ഷമമായും നിർമ്മാണം പൂർത്തീകരിക്കാനുതകുന്ന പ്രീ ഫാബ്രിക്കേറ്റഡ് ടെക്നോളജി ഉപയോഗിച്ചുകൊണ്ടുള്ള നിർമ്മാണ രീതികൾ പ്രോത്സാഹിപ്പിക്കണമെന്നാണ് ശില്പശാലയിൽ ഉരുത്തുരിഞ്ഞുവന്ന മറ്റൊരാശയം. അടിസ്ഥാന സൗകര്യ വികസനത്തിന് ആവശ്യമായ ഫണ്ട് സ്വരൂപിക്കുന്നതിനും, സംസ്ഥാന സർക്കാർ നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് നൂതന സ്രോതസ്സുകൾ ഉപയോഗപ്പെടുത്തുന്നത് പരിശോധിക്കണമെന്ന് ശില്പശാല ശുപാർശ ചെയ്യപ്പെട്ടു.

( ഇ ) അവ നടപ്പാക്കാൻ എന്തെല്ലാം തുടർനടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ?

ഇ

അടിസ്ഥാന സൗകര്യ വികസന രംഗത്ത് നേരിടുന്ന പ്രതിസന്ധികൾ ഒഴിവാക്കി [illegible]ധി വേഗത്തിൽ പൊതുജന പിന്തുണയോടെ പ്രവൃത്തികൾ ഏറ്റെടുക്കാൻ

ഉള്ള നടപടി ക്രമങ്ങൾ വകുപ്പിന്റെ പൊതുവായ മാനദണ്ഡങ്ങളിൽ നിന്നു കൊണ്ട് തയ്യാറാക്കുകയും അവ സമയബന്ധിതമായി നടപ്പാക്കാനുള്ള നടപടി സ്വീകരിച്ച് വരുകയുമാണ്. ശില്പശാലയിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ ക്കനുയോജ്യമായ പൊതുമരാമത്ത് വകുപ്പ് മാന്വൽ പരിഷ്കരിച്ചു കൊണ്ടുള്ള ഉത്തരവായി കഴിഞ്ഞു . സംസ്ഥാന സർക്കാർ പുതുതായി വികസിപ്പിക്കുന്ന റോഡുകളിൽ റോഡ് സുരക്ഷാ പ്രവർത്തങ്ങൾക്ക് അർഹിക്കുന്ന പ്രാധാന്യമാണ് ഇപ്പോൾ നൽകി വരുന്നത്. നവീന മാതൃകയിലുള്ള സാമ്പത്തിക ലഭ്യത ഉപയോഗിച്ച് സംസ്ഥാനത്ത് തെരഞ്ഞെടുക്ക ്പ്പെട്ട സ്ഥലങ്ങളിലെ റോഡുകൾ, പാലങ്ങൾ, ഫ്ളൈ ഓവറുകൾ എന്നിവ നിർമ്മിക്കുന്ന ഒരു ബൃഹത്തായ സംരംഭത്തിന് (സ്പീഡ് കേരള) തുടക്കമിട്ടു കഴിഞ്ഞു. തെരഞ്ഞെടുക്കപ്പെടുന്ന റോഡുകളുടെ അറ്റകുറ്റ പണികൾ ഇപ്പോൾ ദീർഘകാല മെയിന്റനൻസ് ഉറപ്പാക്കിയാണ് ഏറ്റെടുക്കുന്നത്.

സെക്ഷൻ ഓഫീസർ

## ANNEXURE

1. Institutional preparedness-need for a paradigm shift
2. New Dimensions in Land Acquisition - A Participatory Approach
3. Emerging Kerala - Perspective evolved, with focus on Infrastructure Development in Public Works Department through Public Private People Participation (PPPP)
4. Asset Management with Special Emphasis to Performance Based Maintenance Approach
5. Multimodel Integration in Transportation Systems with Financial Perspective
6. Pre-Fabrication Technology in Modern Construction
7. Road Safety Issues related to lapses in road user stakeholder ship
8. Participatory Approach to Rehabilitation and Resettlement
9. Innovative Financing in Infrastructure Development with specific links to Public Private Partnership

S.O